# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 388** **28-10-2018 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ള വിപണിയിലെ ചൂഷണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ജോയി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| എ) കുപ്പിവെള്ള വിപണിയിലെ ചൂഷണമില്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കുപ്പിവെള്ള വിപണിയിലെ ചൂഷണമില്ലാതാക്കുന്നതിനായി 1 ലിറ്റർ കുപ്പിവെള്ളത്തിന് 11/- രൂപ നിരക്കിൽ സപ്ലൈകോ വിൽപനശാലകൾ വഴി കുപ്പിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. കുപ്പിവെള്ളത്തിന്റെ ന്യായവിലയ്ക്കുള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും, അതിന്റെ വ്യാപാരവും, വാണിജ്യവും ക്രമപ്പെടുത്തുന്നതിനുമായി കുപ്പിവെള്ളത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തികൊണ്ട് ഒരു വിദഗ്ധ സമിതിയെ 12-10-2018 ലെ സ.ഉ(സാധാ)നം.536/ 2018/ഉകവ പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത സമിതി 7-11-2018, 1-1-2019 എന്നീ തീയതികളിൽ യോഗം കൂടി ഉപഭോക്തൃ സംഘടനകളിൽ നിന്നും, കുപ്പിവെള്ള നിർമ്മാതാക്കളിൽ നിന്നും അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കുപ്പിവെള്ളത്തെ 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് 19-7-2019 ൽ SRO No.483/2019 നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സപ്ലൈകോ വഴി കുപ്പിവെള്ളം വിപണിയിൽ എത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) ഉണ്ട്. 1 ലിറ്റർ 11/- രൂപ നിരക്കിൽ സപ്ലൈകോ വിൽപനശാലകൾ വഴി കുപ്പിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ